ദുരിതബാധിതരെ സഹായിക്കാൻ രംഗത്തിറങ്ങണം: കാനം

തിരുവനന്തപുരം: സമാനതകളില്ലാത്ത പ്രകൃതിദുരന്തത്തിന് കേരളം സാക്ഷ്യം വഹിക്കുമ്പോൾ പാർട്ടിയുടെയും ബഹുജനസംഘടനകളുടെയും പ്രവർത്തകർ നടത്തിവരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കണമെന്ന് സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ആവശ്യപ്പെട്ടു. പാർട്ടിയുടെ സന്നദ്ധസേനയായ ജനസേവാദൾ പ്രവർത്തകർ രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം. പാർട്ടി പ്രവർത്തകരും അനുഭാവികളും ദുരിതബാധിതരെ സഹായിക്കാൻ അവരാൽ കഴിയുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യണമെന്നും കാനം അഭ്യർത്ഥിച്ചു.

ദേശീയ ദുരന്തമായി പ്രഖ്യാപിക്കണം

തിരുവനന്തപുരം: നാളിതുവരെ കണ്ടിട്ടില്ലാത്ത വൻ പ്രളയക്കെടുതികൾ മൂലം നരകയാതന അനുഭവിക്കുന്ന സംസ്ഥാനത്തെ ദേശീയ ദുരന്തബാധിത മേഖലയായി പ്രഖ്യാപിച്ച് കൂടുതൽ സഹായം നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാവണമെന്ന് സി.എം.പി കേന്ദ്ര സെക്രട്ടേറിയറ്റ് അംഗം അഡ്വ. ജി. സുഗുണൻ ആവശ്യപ്പെട്ടു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സി.എം.പി. പ്രവർത്തകർ രംഗത്തിറങ്ങണമെന്ന് അദ്ദേഹം അഭ്യർത്ഥിച്ചു.

ഓണാഘോഷം മാറ്റിവയ്ക്കണം: ചെന്നിത്തല

തിരുവനന്തപുരം: മഴ വിതച്ച ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സർക്കാരിന്റെ ഓണാഘോഷ പരിപാടികൾ മാറ്റി വയ്ക്കണമെന്നും ആഘോഷങ്ങൾക്ക് ചെലവഴിക്കുന്ന 30 കോടി രൂപ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണമെന്നും പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല പറഞ്ഞു.

മഴ ദുരന്ത സാഹചര്യത്തെ നേരിടാൻ യു.ഡി.എഫ് എം.എൽ.എമാരും മറ്റ് ജനപ്രതിനിധികളും പ്രവർത്തകരും ഒറ്റക്കെട്ടായി രംഗത്തിറങ്ങണം. കേരളം ഇതുവരെ കണ്ടിട്ടില്ലാത്ത ദുരന്തമാണ് നേരിടുന്നത്. ഒറ്റക്കെട്ടായി ദുരിതാശ്വാസപ്രവർത്തനത്തിൽ പങ്കാളികളാകണം. കൂടുതൽ സഹായം പ്രധാനമന്ത്രി ഇടപെട്ട് നൽകണമെന്നും ചെന്നിത്തല ആവശ്യപ്പെട്ടു.

1479.44 കോടി രൂപയുടെ നഷ്ടം

തിരുവനന്തപുരം: രണ്ടു ദിവസത്തെ മഴയിൽ സംസ്ഥാനത്ത് 1479.44 കോടി രൂപയുടെ നഷ്ടമുണ്ടായെന്നാണ് കണക്ക്. 496 വീടുകൾ പൂർണമായും 12410 വീടുകൾ ഭാഗികമായും തകർന്നു. 28076.10 ഹെക്ടർ പ്രദേശത്തെ കൃഷി നശിച്ചു. റോഡ് തകർന്ന് മാത്രം 1051.77 കോടി രൂപയുടെ നഷ്ടമുണ്ടായി. കെ.എസ്.ഇ.ബിക്ക് 10.17 കോടിയും മത്സ്യ മേഖലയിൽ 9.84 കോടിയുമാണ് നഷ്ടം.

ഗവർണറുടെ സ്വാതന്ത്ര്യദിന സത്കാരം റദ്ദാക്കി

തിരുവനന്തപുരം: സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15 ന് വൈകിട്ട് 6.30 ന് രാജ്ഭവനിൽ നടത്താനിരുന്ന സത്കാരപരിപാടി ഗവർണർ പി. സദാശിവം ഉപേക്ഷിച്ചു. മഴക്കെടുതിമൂലം സംസ്ഥാനത്ത് 29 പേർ മരിക്കുകയും വ്യാപക നാശനഷ്ടം ഉണ്ടാവുകയും ചെയ്ത സ്ഥിതി കണക്കിലെടുത്താണ് ആഘോഷം വേണ്ടെന്നുവച്ചത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് തന്റെ ശമ്പളത്തിൽ നിന്ന് ഒരു ലക്ഷം രൂപ സംഭാവന ചെയ്യാൻ തീരുമാനിച്ച ഗവർണർ സർക്കാർ ജീവനക്കാരോടും പൊതുജനങ്ങളോടും ദുരിതാശ്വാസ നിധിയിലേയ്ക്ക് ഉദാരമായി സംഭാവന ചെയ്യാനും അഭ്യർത്ഥിച്ചു.

ഓണാഘോഷം: ചർച്ച ചെയ്ത് തീരുമാനിക്കും

കഴക്കൂട്ടം: മഴക്കെടുതിയുടെ പശ്ചാത്തലത്തിൽ ഓണം വാരാഘോഷം വേണമോ വേണ്ടയോ എന്ന് മുഖ്യമന്ത്രിയുമായി ചർച്ചചെയ്ത് തീരുമാനിക്കുമെന്ന് മന്ത്രി കടകംപള്ളി സുരേന്ദ്രൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

മികച്ച നടനുള്ള സംസ്ഥാന അവാർഡ് നേടിയ ഇന്ദ്രൻസിന് കഴക്കൂട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ തിങ്കളാഴ്ച മെഗാഷോയോടുകൂടി നടത്താനിരുന്ന കഴക്കൂട്ടത്തിന്റെ ആദരവ് ചെറിയ രീതിയിൽ നിശാഗന്ധിയിലേക്ക് മാറ്റിയതായും മന്ത്രി പറഞ്ഞു. മൂന്നാറിൽ കുന്നിടിഞ്ഞ് വീണ ഒറ്റപ്പെട്ട 24 വിദേശികളും മറ്റുള്ളവരും സുരക്ഷിതരാണെന്നും മന്ത്രി പറഞ്ഞു.

അഞ്ചേരി ബേബി വധം: മന്ത്രി മണിയുടെ ഹർജി ഓണം കഴിഞ്ഞ്

കൊച്ചി: അഞ്ചേരി ബേബി വധക്കേസിൽ നിന്ന് ഒഴിവാക്കണമെന്ന് കാണിച്ച് മന്ത്രി എം.എം. മണി നൽകിയ ഹർജി ഓണം അവധിക്കുശേഷം പരിഗണിക്കാനായി ഹൈക്കോടതി മാറ്റി. അഞ്ചേരി ബേബിയുടെ സഹോദരൻ ജോർജ് കക്ഷി ചേരാൻ ഹർജി നൽകി. സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ മാറ്റിയതിനെ ചോദ്യം ചെയ്യുന്ന ഹർജിയിൽ സർക്കാരിന് നോട്ടീസ് നൽകാനും കോടതി നിർദേശിച്ചു.

കെ.എസ്.ടി.എ സംസ്ഥാന കൗൺസിൽ 28ലേക്ക് മാറ്റി

തിരുവനന്തപുരം: ഇന്ന് നടത്താനിരുന്ന കെ.എസ്.ടി.എ സംസ്ഥാന കൗൺസിൽ യോഗം കാലവർഷക്കെടുതിയെത്തുടർന്ന് ആഗസ്റ്റ് 28 ലേക്ക് മാറ്റി. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കെ.എസ്.ടി.എ ജനറൽ സെക്രട്ടറി കെ.സി. ഹരികൃഷ്ണൻ അദ്ധ്യാപകരോട് അഭ്യർത്ഥിച്ചു.

ആശങ്കയുടെ മുൾമുനയിൽ കേരളം

ജലതാണ്ഡവം, വൻ കെടുതി

എം.എച്ച്. വിഷ്ണു

തിരുവനന്തപുരം: കണക്കുകൂട്ടലുകളെല്ലാം തെറ്റിച്ച്, അണക്കെട്ടുകളും നദികളും കുലംകുത്തിയൊഴുകിയിട്ടും അസാധാരണമായ ആശങ്കയുടെ മുൾമുനയിൽ നിന്നുകൊണ്ട് പക്വവും സുരക്ഷിതവുമായ നടപടികളാണ് സർക്കാർ കൈക്കൊണ്ടത്. സൈന്യത്തിന്റെയും കേന്ദ്രസേനകളുടെയും സഹായത്തോടെ ഭരണകൂടവും പൊലീസും ദുരന്തനിവാരണ ഉദ്യോഗസ്ഥരുമെല്ലാം സാദ്ധ്യമായ പരമാവധിയിടങ്ങളിൽ രക്ഷാദൗത്യം നടത്തുകയാണ്. മറ്റു പരിപാടികളെല്ലാം റദ്ദാക്കി മുഖ്യമന്ത്രി പിണറായി വിജയൻ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയാണ്. മന്ത്രിമാർ ജില്ലകളിൽ ക്യാമ്പ് ചെയ്ത് രക്ഷാദൗത്യത്തിന് ചുക്കാൻ പിടിക്കുന്നു. തലസ്ഥാനത്ത് സൈനിക ഉദ്യോഗസ്ഥർ അടക്കമുള്ളവരെ ഉൾപ്പെടുത്തി ഓപ്പറേഷൻ സെന്റർ പ്രവർത്തിക്കുന്നു. കളക്ടർമാരെയും പൊലീസ് മേധാവികളെയും ദുരന്തമുഖത്ത് ഏകോപിപ്പിച്ച് വിശ്രമരഹിതനായി ചീഫ് സെക്രട്ടറി ടോം ജോസുമുണ്ട്.

ചരിത്രത്തിലെ ഏറ്റവും വലിയ പ്രളയക്കെടുതിക്കാണ് സംസ്ഥാനം സാക്ഷ്യം വഹിക്കുന്നത്; ഇന്നുവരെ കണ്ടിട്ടില്ലാത്ത രക്ഷാദൗത്യത്തിനും. ചെറുതോണി അണക്കെട്ടിൽ നിന്ന് സെക്കൻഡിൽ ഏഴര ലക്ഷം ലിറ്റർ വെള്ളം പുറന്തള്ളുന്ന സാഹചര്യത്തിൽ പെരുമ്പാവൂർ വരെയുള്ള പെരിയാറിന്റെ തീരത്തെ 6500 കുടുംബങ്ങളിലെ 53051 പേരെ മാറ്റിപ്പാർപ്പിക്കാനും ജനങ്ങളെ സുരക്ഷിത അകലത്തിൽ നിയന്ത്രിക്കാനുമുള്ള ശ്രമകരമായ ദൗത്യം ജില്ലാഭരണകൂടങ്ങളും പൊലീസും അഗ്നിശമനസേനയും വിജയകരമാക്കി. മുന്നറിയിപ്പുകൾ മൈക്കിലൂടെ ജനങ്ങളെ അപ്പപ്പോൾ അറിയിക്കണമെന്ന് മുഖ്യമന്ത്രി നിർദ്ദേശം നൽകി. 24 അണക്കെട്ടുകൾ തുറന്നുവിട്ടതോടെ എട്ടു ജില്ലകളിൽ റെഡ് അലർട്ട് പ്രഖ്യാപിച്ച് മുൻകരുതലൊരുക്കാനായി. ഏറ്റവുമധികം പ്രളയമുണ്ടാകുമെന്ന് കരുതുന്ന ആലുവയിൽ റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ നേരിട്ടെത്തി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി കണ്ണൂരിലെ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു.

ചെറുതോണി അണക്കെട്ട് തുറക്കാൻ അല്പം വൈകിയെന്ന വിമർശനം ആദ്യം ഉയർന്നെങ്കിലും, കരപ്രദേശം ഉത്തെറിഞ്ഞുള്ള ജലതാണ്ഡവം കണ്ട് എല്ലാവരും മൂക്കത്തുവിരൽ വച്ചു. ജനങ്ങളെ സുരക്ഷിതകേന്ദ്രങ്ങളിലേക്ക് മാറ്റാനുള്ള സാവകാശമാണ് ജില്ലാഭരണകൂടം തേടിയിരുന്നത്. ഇടുക്കിയിലെ നാല് പഞ്ചായത്തുകളിൽ നിന്ന് 120 കുടുംബങ്ങളെയാണ് മാറ്റിപ്പാർപ്പിച്ചത്. പതിനൊന്ന് ജില്ലകളിൽ 260 ക്യാമ്പുകൾ തുറന്നാണ് 53501 പേരെ ഒഴിപ്പിച്ചത്. ഇടുക്കിയിൽ 10ഉം എറണാകുളത്ത് 58ഉം വയനാട്ടിൽ 107ഉം പാലക്കാട്ട് 18ഉം ക്യാമ്പുകൾ തുറന്നു. മുൻകൂർ അനുമതി കൂടാതെ ജലനിരപ്പ് ക്രമീകരിക്കാനുള്ള അനുമതി ഇടുക്കി ജില്ലാകളക്ടർക്കും കെ.എസ്.ഇ.ബിക്കും നൽകി.

അതിനിടെ, ദുരന്തം വിലയിരുത്താനെത്തിയ കേന്ദ്രസംഘം പത്തനംതിട്ടയിലെ പ്രളയക്കെടുതികൾ നേരിട്ടുകണ്ടു. പാലക്കാട്, മലപ്പുറം, വയനാട്, ഇടുക്കി, കോഴിക്കോട്, എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിൽ 14 വരെ അതീവജാഗ്രതാനിർദ്ദേശം പുറപ്പെടുവിച്ചിരിക്കുകയാണ്. കാസർകോട് ഒഴികെയുള്ള ജില്ലകളിൽ തീവ്രമായ മഴ തുടരുമെന്ന കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പിനെത്തുടർന്നാണ് ജാഗ്രത തുടരുന്നത്. 55 കിലോമീറ്റർ വേഗത്തിൽ കാറ്റടിക്കാൻ സാദ്ധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളെ തടയാൻ കോസ്റ്റൽ പൊലീസിനും നിർദ്ദേശം നൽകി. ഡി.ജി.പി ലോക്‌നാഥ് ബെഹ്റ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് സ്ഥിതിഗതികൾ വിലയിരുത്തി.



വയനാട് കോട്ടത്തറ അങ്ങാടിയിൽ വെള്ളമിറങ്ങിയപ്പോൾ, തകർന്ന റോഡ്, കടകൾ, ബൈക്ക്, സ്കൂട്ടർ എന്നിവയും കാണാം.

മഴ മരണം 29 ആയി

ഇടുക്കി	12
എറണാകുളം	2
മലപ്പുറം	7
കോഴിക്കോട്	1
വയനാട്	5
കണ്ണൂർ	2

ഇന്നലെ മൂന്ന് പേർ കൂടി മരിച്ചതോടെ കഴിഞ്ഞ രണ്ടു ദിവസത്തിനിടെ കാലവർഷം കവർന്നവരുടെ എണ്ണം 29 ആയി. ഇന്നലെ ഇടുക്കി, വയനാട്, മലപ്പുറം ജില്ലകളിലാണ് ഓരോ ജീവൻ പൊലിഞ്ഞത്. ഇടുക്കിയിൽ രണ്ടുപേരെയും പാലക്കാട്ട് ഒരാളെയും കാണാതായി. 21 പേർക്ക് പരിക്കേറ്റു.

ഓപ്പറേഷൻ സഹയോഗ്

പ്രളയക്കെടുതിയിൽ ഒറ്റപ്പെട്ടവരെ രക്ഷപ്പെടുത്തിയും റോഡുകൾ ഗതാഗതയോഗ്യമാക്കിയും സൈന്യം ഇന്നലെയും 'ഓപ്പറേഷൻ സഹയോഗ്' എന്ന പേരിട്ട രക്ഷാദൗത്യത്തിന്റെ മുന്നിലുണ്ടായിരുന്നു. താമരശേരി ചുരത്തിൽ കുടുങ്ങിയവരെ രക്ഷിക്കാൻ കരസേനയുടെ എൻജിനിയറിംഗ് വിഭാഗം താത്കാലിക പാലങ്ങളൊരുക്കി. എട്ടുകോളം കരസേനയെ വിന്യസിച്ചിട്ടുണ്ട്. പാങ്ങോട് കരസേനാ കേന്ദ്രത്തിൽ നിന്ന് കൂടുതൽ സൈനികരെ അടിമാലിയിലെത്തിച്ചു. ഇരിട്ടിയിൽ കുടുങ്ങിക്കിടന്ന നൂറോളം പേരെ സൈന്യം രക്ഷിച്ചു. വയനാട്ടിലെ പനമരം, വൈത്തിരി എന്നിവിടങ്ങളിൽ ഒറ്റപ്പെട്ടുപോയ ഗ്രാമങ്ങളിൽ സൈന്യം രക്ഷാപ്രവർത്തനം നടത്തി. വ്യോമസേനാവിമാനങ്ങൾ കൊച്ചിയിൽ സജ്ജരായിട്ടുണ്ട്.

ഇടുക്കി: മഴ തുടർന്നാൽ ഷട്ടർ കൂടുതലുയർത്തും

2795 കുടുംബങ്ങളെ മാറ്റി

തിരുവനന്തപുരം: ഇടുക്കി ഡാമിന്റെ വൃഷ്ടി പ്രദേശങ്ങളിൽ മഴ ശക്തമായി തുടർന്നാൽ സ്ഥിതിഗതികൾ ശ്രുക്ഷമാവും. റിസർവോയറിലെ ജലനിരപ്പ് കൂടുന്നതിനനുസരിച്ച് പുറത്തേക്ക് വിടുന്ന ജലത്തിന്റെ തോതും കൂട്ടും. ഡാമിന്റെ സുരക്ഷ കണക്കിലെടുത്ത് ഘട്ടം ഘട്ടമായി ജലനിരപ്പ് താഴ്ത്താനാണ് ശ്രമമെന്ന് ചീഫ് സെക്രട്ടറി ടോം ജോസ് പറഞ്ഞു. ഇതോടെ പെരിയാറിന്റെ തീരത്തു നിന്ന് 7000 കുടുംബങ്ങളെയെങ്കിലും ഒഴിപ്പിക്കേണ്ടിവരും. 2795 കുടുംബങ്ങളെ 68 ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറ്റി.

നെടുമ്പാശേരി എയർപോർട്ടിനെ വെള്ളപ്പൊക്കം ബാധിക്കുമോ എന്നിപ്പോൾ പറയാനാവില്ല. എല്ലാ മുൻകരുതലുകളും സർക്കാർ എടുത്തിട്ടുണ്ട്. നെടുമ്പാശേരി അടച്ചിടേണ്ടി വരികയാണെങ്കിൽ തിരുവനന്തപുരം എയർപോർട്ടിൽ ബദൽ സംവിധാനമൊരുക്കാമെന്ന് ഡി.ജി.സി.എ സമ്മതിച്ചിട്ടുണ്ട്. കഴിഞ്ഞ ദിവസം നെടുമ്പാശേരിയിലെ പ്രവർത്തനം രണ്ടു മണിക്കൂർ നിലച്ചെങ്കിലും വീണ്ടും പ്രവർത്തന സജ്ജമാക്കിയിരുന്നു.

പെരിയാറിന്റെ തീരത്തുള്ള സ്ഥലങ്ങളിലെല്ലാം സ്കൂളുകൾക്ക് അവധി നൽകിയിട്ടുണ്ട്. ഇന്നലെ ഉച്ചയ്ക്ക് ശേഷം സർക്കാർ ഓഫീസുകൾക്കും അവധി നൽകി. എറണാകുളം, തൃശൂർ ജില്ലകളെയാണ് പെരിയാറിലെ വെള്ളപ്പൊക്കം ബാധിക്കുന്നത്.

ദേശീയ ദുരന്തനിവാരണ സേനയുടെ നാലു ടീമുകളെ കൂടി തരാൻ കേന്ദ്രത്തോടഭ്യർത്ഥിച്ചിട്ടുണ്ട്. ഇപ്പോൾ 10 യൂണിറ്റുകളാണ് കേരളത്തിലുള്ളത്. ഗുണ്ടൂരിൽ നിന്നുള്ള 15 അംഗ സംഘവും ആരക്കോണത്തു നിന്നുള്ള 90 അംഗ സംഘവും കൊച്ചി നേവൽ ബേസിൽ എത്തി. പാലക്കാടുണ്ടായിരുന്ന എൻ.ഡി.ആർ.എഫ് യൂണിറ്റിനെ തൃശൂരിലേക്ക് മാറ്റി. നാവിക സേനയുടെ 15 മുങ്ങൽ വിദഗ്ദ്ധർ ഉൾപ്പെടെയുള്ള സംഘം മലപ്പുറത്തുണ്ട്. 5 മുങ്ങൽ വിദഗ്ദ്ധർ അടങ്ങുന്ന 36 അംഗ സംഘം വയനാട്ടിലുമുണ്ട്. ടെറിട്ടോറിയൽ ആർമിയുടെ 60 അംഗ സംഘവും വയനാട്ടിലുണ്ട്.

നിലമ്പൂർ ചുങ്കത്തറ, ഇടുക്കിയിലെ ദേവികുളം എന്നിവിടങ്ങളിലും സൈന്യം ഇറങ്ങി. മൂന്ന് എ.എൽ.എച്ച് ഹെലികോപ്ടറുകളും രണ്ട് എം.ഐ 17 വി ഹെലികോപ്ടറുകളും നാല് എ.എൻ 32 ഹെലികോപ്ടറും രണ്ട് ആർട്ടിലറി യൂണിറ്റുകളും മദ്രാസ് റെജിമെന്റ് യൂണിറ്റുകളും ദുരിതാശ്വാസ പ്രവർത്തനത്തിലേർപ്പെട്ടിട്ടുണ്ട്.

ആലുവയിൽ കർക്കടകവാവ് നടത്തുന്നത് തടയില്ല. അതേസമയം അപകടങ്ങൾ ഒഴിവാക്കാൻ പരമാവധി ശ്രദ്ധ ചെലുത്തുന്നുണ്ട്. ഇതിനായി പൊലീസിന് പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരിതാശ്വാസ നിധിയിൽ സംഭാവന ചെയ്യുക: മുഖ്യമന്ത്രി

തിരുവനന്തപുരം: സംസ്ഥാനം കാലവർഷക്കെടുതി നേരിടുന്ന സാഹചര്യത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് (സി.എം.ഡി.ആർ.എഫ്) ഉദാരമായി സംഭാവന നൽകാൻ വ്യക്തികളോടും സംഘടനകളോടും സ്ഥാപനങ്ങളോടും മുഖ്യമന്ത്രി അഭ്യർത്ഥിച്ചു. ദുരന്തം നേരിടാൻ എല്ലാവരും കൈകോർത്തു നിൽക്കണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരു അഭ്യർത്ഥനയുമില്ലാതെ ധാരാളം വ്യക്തികളും സ്ഥാപനങ്ങളും സംഘടനകളും സംഭാവന നൽകുന്നുണ്ട്. ദുരിതാശ്വാസത്തിന് കർണാടക സർക്കാർ 10 കോടി രൂപയും തമിഴ്നാട് 5 കോടി രൂപയും അനുവദിച്ചു.

ജൂലായ് 26 മുതൽ ആഗസ്റ്റ് 9 വരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 1.75 കോടി രൂപ സംഭാവനയായി ലഭിച്ചു. അക്കൗണ്ട് നമ്പർ 67319948232, എസ്.ബി.ഐ സിറ്റി ബ്രാഞ്ച്, തിരുവനന്തപുരം, ഐ.എഫ്.എസ്.സി കോഡ്. എസ്.ബി.ഐ.എൻ 0070028. സംഭാവന ആദായനികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

രാജ്നാഥ് നാളെ കേരളത്തിൽ

സ്വന്തം ലേഖകൻ



ന്യൂഡൽഹി: കേരളത്തിലെ പ്രളയം വിലയിരുത്താൻ കേന്ദ്ര ആഭ്യന്തര മന്ത്രി രാജ്നാഥ് സിംഗ് നാളെ എത്തും. ടൂറിസം മന്ത്രി അൽഫോൺസ് കണ്ണന്താനത്തിനൊപ്പം നാളെ ഉച്ചക്ക് 12.30ന് കൊച്ചിയിലെത്തുന്ന രാജ്നാഥ് ദുരിതബാധിത പ്രദേശങ്ങളും ക്യാമ്പുകളും സന്ദർശിക്കും. ഉന്നത ഉദ്യോഗസ്ഥരുമായി സ്ഥിതിഗതികൾ ചർച്ച ചെയ്ത ശേഷം വൈകിട്ട് ഡൽഹിയിലേക്ക് മടങ്ങും.

പാർലമെന്റിൽ എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ എം.പിമാർ കേരളത്തിലെ പ്രളയ സ്ഥിതി ബോധിപ്പിക്കുകയും ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ ശ്രീധരൻ പിള്ളയുടെ നേതൃത്വത്തിൽ കേരളാ എൻ.ഡി.എ നേതാക്കൾ നിവേദനം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് രാജ്നാഥ് വരുന്നത്. മുഖ്യമന്ത്രി പിണറായി വിജയനുമായി ഫോണിൽ സംസാരിച്ചെന്ന് രാജ്നാഥ് ട്വിറ്ററിൽ കുറിച്ചിരുന്നു. കേന്ദ്രം സാഹചര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്ന് മുഖ്യമന്ത്രിയെ അറിയിച്ചു. പിന്തുണയിൽ സംസ്ഥാന സർക്കാർ തൃപ്തി പ്രകടിപ്പിച്ചെന്നും അദ്ദേഹം വ്യക്തമാക്കി.

സഹായം ആവശ്യപ്പെട്ട് എൻ.ഡി.എ

കേന്ദ്ര ഇടപെടൽ ആവശ്യപ്പെട്ട് ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ്. ശ്രീധരൻ പിള്ള, ബി.ജെ.പി കേരളാ പ്രഭാരി എച്ച്. രാജ, സംസ്ഥാന സംഘടനാ സെക്രട്ടറി എം. ഗണേശൻ, കേരളാ കോൺഗ്രസ് നേതാവ് പി.സി. തോമസ് എന്നിവരാണ് ആഭ്യന്തര മന്ത്രി രാജ്നാഥിനെ കണ്ടത്. ബി.ഡി.ജെ.എസ് നേതാവ് തുഷാർ വെള്ളാപ്പള്ളിയും നിവേദനത്തിൽ ഒപ്പുവച്ചിരുന്നു.

പാർലമെന്റിൽ ഉന്നയിച്ച് എം.പിമാർ

കേരളത്തിലെ പ്രകൃതിക്ഷോഭത്തിന്റെ തീവ്രത എം.പിമാരായ കെ.വി. തോമസ്, പി. കരുണാകരൻ, കെ.സി. വേണുഗോപാൽ, കൊടിക്കുന്നിൽ സുരേഷ് എന്നിവർ ലോക്സഭയിൽ അവതരിപ്പിച്ചു. പിന്നീട് എം.പിമാർ എ.കെ. ആന്റണിയുടെ നേതൃത്വത്തിൽ രാജ്നാഥ് സിംഗിനെ കണ്ട് വിശദ ചർച്ച നടത്തി.

വാചക കസർത്തിൽ കാര്യമില്ല: കണ്ണന്താനം

കേരളത്തിലെ പ്രളയം ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന യു.ഡി.എഫ് - ഇടത് എം.പിമാരുടെ ആവശ്യത്തിൽ കഴമ്പില്ലെന്ന് കേന്ദ്ര മന്ത്രി അൽഫോൺസ് കണ്ണന്താനം പറഞ്ഞു. വാചക കസർത്തല്ല, നടപടികളാണ് വേണ്ടത്. കേരളം ആവശ്യപ്പെട്ടയുടൻ കേന്ദ്രം രക്ഷാപ്രവർത്തനത്തിന് സൈന്യത്തെ അയച്ചു. കൂടുതൽ ദുരന്തനിവാരണ സേനയെ അയയ്ക്കും. ദുരന്തം നേരിടാൻ മുൻകൂറായി കേന്ദ്രം ധനസഹായം നൽകി. ആവശ്യമെങ്കിൽ കൂടുതൽ നൽകും.

തടയാൻ വിശ്വാസികൾ; ജലന്ധർ ബിഷപ്പിനെ ചോദ്യംചെയ്യാനായില്ല

ന്യൂഡൽഹി/ജലന്ധർ: കന്യാസ്ത്രീയുടെ പരാതിയിൽ ജലന്ധർ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ ചോദ്യം ചെയ്യാൻ കേരള പൊലീസ് എത്തിയതറിഞ്ഞ് ബിഷപ്പ് ഹൗസിൽ വിശ്വാസികൾ കൂട്ടംകൂടിയത് സംഘർഷാവസ്ഥയുണ്ടാക്കി. രൂപതയുടെ ആഹ്വാനപ്രകാരമാണ് വിശ്വാസികളെത്തിയത്.

ഫ്രാങ്കോ മുളയ്ക്കലിനെ ചോദ്യംചെയ്യാനും രൂപതയിലെ കന്യാസ്ത്രീകൾ, വൈദികർ തുടങ്ങി 12 പേരിൽ നിന്ന് മൊഴിയെടുക്കാനും വൈക്കം ഡിവൈ.എസ്.പി കെ. സുഭാഷിന്റെ നേതൃത്വത്തിലുള്ള ആറംഗ സംഘമാണ് ജലന്ധറിലുള്ളത്. ബിഷപ്പിന്റെ അറസ്റ്റ് തടയാൻ ലക്ഷ്യമിട്ടാണ് രൂപത വിശ്വാസികളെ വിളിച്ചുവരുത്തിയത്.

ക്രമസമാധാന പ്രശ്നമുള്ളതിനാൽ പൊലീസ് സംഘം ബിഷപ്പ് ഹൗസിലേക്ക് പോകാതെ പഞ്ചാബ് പൊലീസ് ഒരുക്കിയ താമസസ്ഥലത്ത് ക്യാമ്പുചെയ്യുകയാണ്. അതേസമയം, ചോദ്യംചെയ്യലുമായി സഹകരിക്കുമെന്നും വിശ്വാസികൾ പ്രശ്നമുണ്ടാക്കില്ലെന്നും ബിഷപ്പ് ഹൗസ് പി.ആർ.ഒ പീറ്റർ കാവുംപുറം അറിയിച്ചു. പഞ്ചാബ് പൊലീസ് ബിഷപ്പ് ഹൗസിൽ ക്യാമ്പു ചെയ്യുന്നുണ്ട്. ക്രമസമാധാന പ്രശ്നമുണ്ടായാൽ ഇടപെടുമെന്ന് പഞ്ചാബ് ഡി.സി.പി ഗുർമീത് സിംഗ് അറിയിച്ചു.

മുഴുവൻ തെളിവും ലഭിച്ചാൽ ഉടൻ അറസ്റ്റ്: പൊലീസ്

കോട്ടയം: കന്യാസ്ത്രീയെ പീഡിപ്പിച്ച കേസിൽ മുഴുവൻ തെളിവുകളും ലഭിച്ചാലുടൻ ജലന്ധർ ബിഷപ്പ് ഫ്രാങ്കോ മുളയ്ക്കലിനെ അറസ്റ്റ് ചെയ്യുമെന്ന് ജില്ലാ പൊലീസ് മേധാവി ഹരിശങ്കർ പറഞ്ഞു. അന്വേഷണസംഘം തെളിവുകൾ ശേഖരിക്കുകയാണ്. 18 പേരുടെ മൊഴി എടുക്കണം. മൂന്ന് ദിവസം കൊണ്ട് ജലന്ധറിലെ മൊഴിയെടുപ്പ് പൂർത്തിയാക്കാമെന്നാണ് കരുതുന്നതെന്നും അദ്ദേഹം പറഞ്ഞു.

വിധേയനായി നിന്നു, രണ്ടാമനായി

ഒ.സി. മോഹൻരാജ്

കണ്ണൂർ: മന്ത്രിസ്ഥാനത്തേക്കുള്ള ഇ.പി. ജയരാജന്റെ രണ്ടാംവരവിന് പിൻബലമേകിയത് പാർട്ടിയോടു പുലർത്തിയ തികഞ്ഞ വിധേയത്വം. മന്ത്രിസ്ഥാനം ഒഴിയേണ്ടി വന്നെങ്കിലും അദ്ദേഹം സംഘടനാരംഗത്തോ, പൊതുരംഗത്തോ ഒട്ടും പിറകോട്ട് പോയിരുന്നില്ല. രണ്ടു വർഷത്തെ ഇടവേള പിന്നിട്ട് വീണ്ടും രണ്ടാമനായുള്ള തിരിച്ചുവരവിന് കളമൊരുങ്ങിയതിന് കാരണവും മറ്റൊന്നല്ല.

''അറിഞ്ഞുകൊണ്ട് ഒരു തെറ്റും ചെയ്തിട്ടില്ല, കാലം ചിലതു തെളിയിക്കും...'' ഏറെ അടുപ്പമുള്ളവരോട് രാജിക്കു പിറകെ ജയരാജൻ പറഞ്ഞിരുന്നത് ഇതാണ്. രണ്ടു വർഷത്തിനുശേഷം അത് തെളിയുകയായിരുന്നു.

പാർട്ടിക്കകത്തു നിന്നുണ്ടായ ആക്രമണത്തിനു പിന്നിലുണ്ടായിരുന്നവരോടുപോലും ജയരാജൻ പകയോ പരിഭവമോ കാണിച്ചിരുന്നില്ല. നേതൃത്വം ഏല്പിച്ച ചുമതലകളെല്ലാം കൃത്യമായി നിർവഹിച്ച് പാർട്ടിയുടെ വിനീതവിധേയനായി തന്നെ നീങ്ങുകയായിരുന്നു അദ്ദേഹം. ചെങ്ങന്നൂർ ഉപതിരഞ്ഞെടുപ്പ് രംഗത്തും ജയരാജൻ താരമായി നിറഞ്ഞുനിന്നു. ഇടതുമുന്നണിക്ക് അവിടെ തിളക്കമാർന്ന വിജയം നേടാനായതിൽ ജയരാജന്റെ സംഘാടനമികവ് നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

ബന്ധുനിയമന വിവാദം മന്ത്രിസഭയുടെ പ്രതിച്ഛായയ്ക്ക് പ്രകടമായ മങ്ങലേല്പിച്ചിരുന്നു. ജയരാജന് മുഖ്യമന്ത്രി പിണറായിയുമായുള്ള അര നൂറ്റാണ്ടിലേറെ നീണ്ട ആത്മബന്ധത്തിൽ കരിനിഴൽ വീഴ്ത്താനും അത് വഴിവച്ചു. പാർട്ടി അച്ചടക്കം തെറ്റിക്കുന്നവരോട് കാർക്കശ്യം കാണിക്കുന്ന പിണറായിക്ക് ഇക്കാര്യത്തിലും വിട്ടുവീഴ്ചയുണ്ടായിരുന്നില്ല. രണ്ടു വർഷം വേണ്ടി വന്നെങ്കിലും ഒടുവിൽ മഞ്ഞുരുകി.

പാർട്ടി കീഴ്ഘടകങ്ങളിൽ നിന്നെന്ന പോലെ യുവജന സംഘടനാ ഭാരവാഹികളിൽ നിന്നും നിരന്തരസമ്മർദ്ദം വന്നതോടെ സി.പി.എം സെക്രട്ടേറിയറ്റും സംസ്ഥാന സമിതിയും ഏകകണ്ഠമായി ഇ.പിക്കൊപ്പം നിൽക്കുകയായിരുന്നു.

തിരുവനന്തപുരം എ.കെ.ജി സെന്ററിൽ നടന്ന സി.പി.എം സെക്രട്ടേറിയറ്റ് യോഗത്തിനു ശേഷം മടങ്ങുന്ന ഇ.പി. ജയരാജനെ പ്രവർത്തകൻ അഭിവാദ്യം ചെയ്യുന്ന ഫോട്ടോ: വിഷ്ണു കുമരകം

ലോക്‌സഭാ സീറ്റ് പങ്കിടൽ; തുഷാർ അമിത് ഷായെ കണ്ടു

സ്വന്തം ലേഖകൻ

ന്യൂഡൽഹി: ലോക്‌സഭാ തിരഞ്ഞെടുപ്പിൽ സീറ്റ് പങ്കുവയ്ക്കൽ സംബന്ധിച്ച് ബി.ഡി.ജെ.എസ് അദ്ധ്യക്ഷൻ തുഷാർ വെള്ളാപ്പള്ളി ബി.ജെ.പി ദേശീയ അദ്ധ്യക്ഷൻ അമിത് ഷായെ കണ്ട് പ്രാഥമിക ചർച്ച നടത്തി. ബി.ജെ.പി സംസ്ഥാന നേതാക്കളോടൊപ്പം ഉടൻ വിശദ ചർച്ച നടത്തും.

വയനാട്, തൃശൂർ, ചാലക്കുടി, കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, ആറ്റിങ്ങൽ എന്നീ സീറ്റുകളിൽ ബി.ഡി.ജെ.എസ് താത്പര്യം പ്രകടിപ്പിച്ചതായി അറിയുന്നു. ഇക്കാര്യത്തിൽ ബി.ജെ.പി സംസ്ഥാന നേതൃത്വത്തിന്റെ നിലപാടു കൂടി അറിഞ്ഞ ശേഷം അന്തിമ തീരുമാനമെടുക്കാമെന്നാണ് അമിത് ഷാ അറിയിച്ചത്. 18, 19 തീയതികളിൽ നടക്കുന്ന ദേശീയ നിർവാഹക സമിതി യോഗത്തിനിടെയോ അല്ലെങ്കിൽ അടുത്ത മാസമോ സീറ്റ് ചർച്ച നടക്കുമെന്ന് തുഷാർ വെള്ളാപ്പള്ളി പറഞ്ഞു.

ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ പി.എസ്. ശ്രീധരൻ പിള്ള ദേശീയ അദ്ധ്യക്ഷൻ അമിത് ഷായെ കണ്ടപ്പോൾ. കേരളാ പ്രഭാരി എച്ച്. രാജ സമീപം

ബി.ജെ.പി പുനഃസംഘടന ഉടൻ

പുതിയ അദ്ധ്യക്ഷൻ പി.എസ്. ശ്രീധരൻ പിള്ളയ്ക്കു കീഴിൽ കേരളത്തിലെ ബി.ജെ.പിയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള അഴിച്ചുപണി ഉടനുണ്ടാകും. സംസ്ഥാന അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ട ശേഷം ആദ്യമായി ശ്രീധരൻ പിള്ള ഇന്നലെ അമിത് ഷായുമായി കൂടിക്കാഴ്ച നടത്തി. ബി.ജെ.പി കേരള പ്രഭാരി എച്ച്. രാജ, സംസ്ഥാന സംഘടനാ സെക്രട്ടറി എം. ഗണേശ് തുടങ്ങിയവരും ഒപ്പമുണ്ടായിരുന്നു. ചില പ്രമുഖ നേതാക്കളുടെ പദവികളിൽ മാറ്റം വരുമെന്ന സൂചനയെ തുടർന്ന് സംസ്ഥാന ഘടകം പുനഃസംഘടനയെ ആകാംക്ഷയോടെയാണ് കാണുന്നത്.

കാലവർഷക്കെടുതി വിലയിരുത്തി റിപ്പോർട്ട് നൽകാൻ എച്ച്. രാജ, നളിൻ കുമാർ കട്ടീൽ എം.പി എന്നിവരെ അമിത് ഷാ നിയോഗിച്ചു.